# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/70/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012

തിയ്യതി. 21.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കീഴരിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:കീഴരിയൂർ ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/70/2017 തീയതി – 21.01.2017

# കോഴിക്കോട് ജില്ലയിലെ കീഴരിയൂർഗ്രാമപഞ്ചായത്തിന്റെ -2015-16സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.04.2016 മുതൽ 28.12.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-12-16മുതൽ 9-1-2017വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സബിത .എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ഷിബിൻ പീറ്റർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ദിശ .ആർ .കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.കെ.കെ ലക്ഷ്മിഭായ് | 01-04-2015 മുതൽ 31-10-2015വരെ |
| | ശ്രീ.കെ. പി ഗോപാലൻ നായർ | 11-11-2015മുതൽ തുടരുന്നു |
| സെക്രട്ടറി | ശ്രീമതി ടി.കെ.ഉഷ | 01-04-2015 മുതൽ 31-03-2016 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസന്റ് എഞ്ചിനീയർ | ശ്രീ.സന്തോഷ് കുമാർ എസ് | 1-4-15 മുതൽ 31-3-16 വരെ |
| കൃഷി ഓഫീസർ | ശ്രീ.അബ്ദുൾ ബഷീർ | 1-4-15 മുതൽ 31-3-16വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ശ്രീ.മുസ്തഫ | 1-4-15 മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷംസുദ്ദീൻ | 1-4-15 മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജീവ്.ജി നായർ | 1-4-15 മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ശ്രീ.യു.കെ ജയരാജൻ | 1-4-15 മുതൽ 31-3-16വരെ |
| വി ഇ ഒ | ശ്രീമതി.ഷിനില വി.ബി | 1-4-15 മുതൽ 31-3-16വരെ |
| ഐ സിഡി എസ് സൂപ്പർവൈസർ | ശ്രീമതി.ജമീല ടി | 1-4-15 മുതൽ19-8 -15 F.Nവരെ |
| | ശ്രീമതി.സുഭാഷിണി | 19-8-15ANമുതൽ31-3 16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുനിലകുമാരി കെ.വി | 1-4-15 മുതൽ 31-3-16 വരെ |

<u>ഉള്ളടക്കം</u>


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല |

| | |
|---|---|
| 3-2 | ടാറിന് മാർക്കറ്റ് വിലയേക്കാൾ അധിക വില നല്കി |
| 3-3 | കിണർ ക്ലോറിനേഷൻ - സബ്സിഡിമാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പണം ചെലവഴിച്ചുടാറിന് മാർക്കറ്റ് വിലയേക്കാൾ അധിക വില നല്കി |
| 3-4 | എസ്.സി, കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ പദ്ധതി |
| 3-5 | മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളെ സംബന്ധിച്ച അപാകതകൾ. |
| 3-6 | വളം വാങ്ങിച്ച് നൽകുന്നതിന് സർവ്വീസ് സഹകരണ ബാങ്കിനെ ഇടനിലക്കാരനായി ചുമതലപ്പെടുത്തി മറ്റ് അപാകതകളും. |
| 3-7 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-8 | വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. |
| 3-9 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 26-0-3-2015 1ാം നം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.16 | 21.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തികവിശകലനം (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 12433460.54 |
| വരവ് | 48702816 |
| ആകെ | 61136276.54 |
| ചെലവ് | 52566777 |
| നീക്കിയിരിപ്പ് | 8569499.54 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രഷറി ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1487000 | 6435504 99806 | 8408967 | 8408967 | 386663 | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 0 | 2385950 | 0 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2688218 | 2685218 | 2628555 | (-) 56663 | - |
| പെർഫോമൻസ് ഗ്രാന്റ് | 1065515 | 330000 | 1065515 | 1065515 | (-)330000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 744184 | 2575543 | 3319777 | 3319777 | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 538115 | 2087889 | 2626004 | 2626004 | - | - |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 17395596 | 17395596 | 17395596 | - | - |

## 1-6 നടപ്പിലാക്കിയ പദ്ധതികൾ

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 85 | 1559900 | 76 | 1553900 | 7 | 2 | 90% |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)(_) |
|---|---|---|---|---|
| നികുതി വരവുകൾ | 2963856 | 2865507 | 98349 | -3.3 |
| നികുതിയേതര വരവുകൾ | 436793 | 407458 | 29335 | -6.7 |
| ആകെ | 3400649 | 3272965 | 127684 | -3.73 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 467640 | 238 |
| കർഷകതൊഴിലാളി പെൻഷൻ | 3590190 | 449 |
| വിധവ പെൻഷൻ | 6655080 | 664 |
| വാർദ്ധക്യകാല പെൻഷൻ | 3530070 | 524 |
| വികലാംഗ പെൻഷൻ | 2136510 | 195 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 372920 | 36 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2017ന കാലത്ത് 10 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 794/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/7/16 മുതൽ 15/7/16 വരെ | 2/16 മുതൽ 5/16 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-8-2009 | 2004-05 മുതൽ 2008-09വരെ | എൽ ബി എ/എച്ച് ക്യൂ 11 എ1532/5/22-5-14 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. നിർവഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പ്രോജക്റ്റുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ നിർമ്മാണ ക്ഷേമനിധി എന്നിവ ഈടാക്കിയത് അക്കൗണ്ടിൽ വരവ് വെച്ചില്ല.
2. അഡ്വാൻസ് കളക്ഷൻ ആയി ലഭിച്ച വസ്തുനികുതി തുകകൾ RP-36, ബാലൻസ് ഷീറ്റ് B-9 തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

സാംഖ്യാധിഷ്ഠിധ സമ്പ്രദായത്തിലേക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ഓഡിറ്റിലുൾപ്പെടുത്തിയിട്ടില്ല. മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾ പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്.

## 2-2 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 1,30,000 |
| തെരുവ് വിളക്ക് കത്തിക്കൽ | 87,478 |
| ആകെ | 2,17,478 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത് (IRC34-2011കാണുക). എന്നാൽ മണ്ണിട്ട ഉയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല. ഗ്രാനുലാർ സബ് ബേസ് (granular subbase)ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐആർസി സ്പെസിഫിക്കേഷനിൽ പറയുന്നു. ക്വാറി മക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ച തിന് ആധികാരികതയില്ല. സബ് ബേസ് ബലപ്പെടുത്താൻ ക്വാറിമക്ക് ഉപയോഗിക്കണമെങ്കിൽ സബ് ബേസ് സിബിആർ (CBR-california bearing ratio)കുറവാണെന്ന് കാണിക്കുന്നതിനുള്ള ടെസ്റ്റ് റിപ്പോർട്ടുകളും സാങ്കേതിക വിശദീകരണങ്ങളും ലഭ്യമാക്കണമെന്ന് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ സ്പഷ്ടീകരണ കത്തി ലും വിശദമാക്കിയിട്ടുണ്ട് (26.9.2016ലെ718974/Estt-D4/16/Fin നമ്പറിലുള്ള കത്ത് കാണുക). പഞ്ചായത്തിന് അധികച്ചെലവ് വരുന്ന മെറ്റീരിയൽ ഉപയോഗിക്കരുതെന്നും കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. മണ്ണിന് പകരം ക്വാറി മക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധിക ച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെ അളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടിരുന്നെങ്കിലുള്ള ചെലവ് | അധികച്ചെലവ്. |
|---|---|---|---|---|
| 1. | പാലാഴിത്താഴ – തൊട്ടുവയൽ താഴ റോഡ്, 13/16. എംബുക്ക്25/15-16.പേജ്നം-10 അടങ്കൽ-2,10,000/ (മെ.ഗ്രാന്റ് റോഡ്)<br>ചെലവ്-1,84,590/-<br>99821/-<br>ബിൽനം-10/15-16/30.9.15<br>84769/-<br>ബിൽനം-9/15-16/30.9.15 | 13.192എം3@ 1224.54/എം3=<br>16154.13/--രൂപ | 13.192എം3@434 /10എം3= 5725.33/രൂപ | 16154.13-5725.33= 10428.80/-രൂപ<br>(-)12%എസ്റ്റിമേറ്റ് നിരക്കിലും കുറവ്.- 1261.88/-<br>9166.92/- |
| 2 | മണപ്പാട്ടിൽ താഴെ – ആവണിക്കുഴി റോഡ് കോൺക്രീറ്റിംഗ്, 62/16 എംബുക്ക്നം -23/15-16 പേജ്നം.7<br>അടങ്കൽ-2,00,000/- | 21.797എം3@ 1224.54/എം3= 26691.30/- -രൂപ | 21.797എം3@ 434എം3= 9459.91/-രൂപ | 26691.30-9459.91= 17231.39/-രൂപ,<br>(-)11.02%എസ്റ്റിമേറ്റ്നിരക്ക് കുറവ്-1898.91<br>15332.48/- |

| | | | | |
|---|---|---|---|---|
| | (മെയിന്റനൻസ് ഫണ്ട്-നോൺറോഡ്) 1,85,000/-<br>തനതുഫണ്ട് – 15000/<br>ചെലവ്-235797/-<br>ബിൽനം11/1516/30.9 .15 | | | |
| 3 | അയ്യങ്കാളി കോളനി റോഡ് പ്രോജക്റ്റ്, 54/15,<br>66/16 (സ്പിൽ ഓവർ)<br>എംബുക്ക്29/15-16,<br>എം ബുക്ക് നം-22/15-16,<br>പേജ് നം-9<br>അടങ്കൽ-4,95,200/-<br>ചെലവ്- 4,95,200/-<br>ബിൽനം-13/3.9.2015 | 20.598എം3@<br>974/എം3=20062.45/-<br>രൂപ | 20.598എം3@<br>2881/10എം3=5934.28രൂപ | 20062.45-5934.28=<br>14128.17/-രൂപ(-).01%<br>എസ്റ്റിമേറ്റ് നിരക്കിലും<br>കുറവ്-1<br>14127.17/-രൂപ. |
| 4 | നമ്പ്രത്ത്കര-പുതിയ തൃക്കോവിൽ റോഡ് ടാറിംഗ്, 40/15, SO63/16, ,<br>എംബുക്ക്19/15-16,<br>എം.ബുക്ക്,പേജ്നം10,20.<br>അടങ്കൽ-400000/-<br>ചെലവ്-400000/-<br>ബിൽനം4/15-16/29.6 15 | 20.37എം3@ 974/എം3=<br>19840.38/-രൂപ | 20.37എം3@<br>2881/10എം3=<br>5868.60/-രൂപ | 19840.38-5868.60=<br>13971.78/-രൂപ<br>(-)1<br>13832/- |
| 5 | കണ്ടം ചാലിൽ-ഹൈസ്കൂൾ റോഡ്, 11/16,<br>എം.ബുക്ക്നം31/15-16,<br>പേജ്നം-7,അടങ്കൽ-20000/-<br>ചെലവ്-176600/-<br>ബിൽ.നം.19/15-16<br>/16.12.115- 150000/-രൂപ,<br>ബിൽ.നം.23/15-16/16.2.2016<br>26,600/- | 10.173എം3@<br>1224.53/എം3<br>=12457.14/- രൂപ | 10.173എം3@ 434/എം3<br>= 4415.08/-രൂപ | 12457.14-4415.08=<br>8042.06/-രൂപ<br>(-)11.77%എസ്റ്റിമേറ്റ്<br>നിരക്കിലും കുറവ്=946<br>7096/- |
| 6 | കരിയാത്ത്താഴെ- നമ്പ്രത്ത്കര റോഡ്- 10/16<br>എംബുക്ക്നം-29/15-16<br>പേജ്നം-8<br>അടങ്കൽ-2,00,000/-<br>ചെലവ്-22793/-<br>ബിൽനം-24/15-16/16.2.16,<br>1,50,000/-<br>ബിൽനം17/15-16/13.11.15 | 15.220എം3@/1224എം3=<br>18629.28/-രൂപ | 15.220എം3@434/എം3<br>=6605.48/-രൂപ | 18629.28—6605.48=<br>12023.8/രൂപ<br>11.1%<br>എസ്റ്റിമേറ്റ് നിരക്കിലും കുറവ്<br>-1334.64<br>10689.16/-രൂപ |
| 7/ | നമ്പ്രത്ത്കര-പുതിയ തൃക്കോവിൽ റോഡ്,റീച്ച്-2. 9/16 | 19.754എം3@<br>1224/എം3=<br>24189.36/-രൂപ | 19.754എം3@<br>434/എം3=8573/-രൂപ | 24189.36-8573=<br>15616.36/-രൂപ(-)10%<br>എസ്റ്റിമേറ്റ് നിരക്കിലും |

| | | | | |
|---|---|---|---|---|
| | എംബുക്ക്നം-26/15-16<br>പേജ്നം-6<br>അടങ്കൽ-240000/-<br>ചെലവ്-2,15,760/-<br>ബിൽനം16/15-16/30.10.15 | | | കുറവ്-<br>.1561.6<br>14054.76/- |
| 8 | ഇയ്യലോൽ മീത്തൽ 4 സെന്റ് കോളനി റോഡ് നവീകരണം.<br>പ്രോജക്ട് നം. 5/16,<br>എംബുക്ക്നം27/15-16,പേജ്-8<br>അടങ്കൽ-205000/-<br>ചെലവ്-141002/-<br>ബിൽനം-14/15-16/23.10.15,<br>43498/-<br>ബിൽ നം-15/15-1/30.10.2015 | 16.664എം3@<br>1224/എം3=<br>20396.74/-രൂപ | 16.664എം3@<br>434/എം3=7232.18/-രൂപ | 20396.74-7232.18<br>=13164.56/- |
| | ആകെ | | | 97463/- |

മേൽ പറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമക്കിട്ട് ഉപരിതലം ഉയർത്തുന്നത് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഇല്ലാത്തതാണ്. മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധിക വിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. മേലപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികമായി ചെലവഴിച്ച 97463/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-2 ടാറിന് മാർക്കറ്റ് വിലയേക്കാൾ അധിക വില നല്കി

വിവിധ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് അവലംബിച്ചത്. ഇതിനുപയോഗിച്ച ബിറ്റുമിന് മാർക്കറ്റ് നിരക്കിനേക്കാൾ ഷെഡ്യൂൾ നിരക്ക് കുറവായതിനാൽ പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. ഡി.എസ്.ആർ കോഡ് 16.30.2,16.30.1,16.32.2,16.4. എന്നിവ കൂടാതെ 36ഘനമീറ്റർ മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് കോഴ്സ്, പോട്ട്ഹോൾ ഫില്ലിംഗ് എന്നിവയ്ക്ക് ഒബ്സർവ്ഡ് ഡാറ്റ എന്നിവയാണ് ഇവിടെ ടാറിംഗ് പ്രവൃത്തിക്ക് എടുത്ത ഡാറ്റകൾ.വി.ജി-30 ബിറ്റുമിൻ മാത്രമാണ് ടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചത്.കരാർ ഉടമ്പടി വെച്ച തീയതിയിലെ മാർക്കറ്റ് വിലയനുസരിച്ച് മാത്രമേ വി.ജി-30 യുടെ നിരക്കിന് കരാറുകാരന് അർഹതയുള്ളൂ.ഇതിനു ഡിഎസ്ആർ പ്രകാരം 41000/- രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. മരാമത്ത് പ്രവൃത്തിയുടെ മെറ്റീരിയൽ ആഡിക്വസി പ്രകാരം ഉപയോഗിച്ച ബിറ്റുമിനും അതിന് അധികം അനുവദിച്ച
തുകയുടെ വിശദാംശവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, നം/ എസ്റ്റിമേറ്റ് തുക/ബിൽ നമ്പർ/ തുക | കരാറുകാരന്റെ പേര്/ ടെൻഡർ കുറവ്/ (കോസ്റ്റ് ഇൻഡക്സ്) | മെറ്റീരിയൽ ആഡിക്വസി പ്രകാരം വിനിയോഗിച്ച ബിറ്റുമിൻ/ എംബുക്ക് പേജ് | ഡി.എസ്.ആർ പ്രകാരം തുക കോസ്റ്റ് ഇൻഡക്സ് ഉൾപ്പടെ | മാർക്കറ്റ് നിരക്ക് പ്രകാരം തുക കോസ്റ്റ് ഇൻഡക്സ് ഉൾപ്പടെ. | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | കാമ്പറത്ത്- ഉണിക്യാം കണ്ടി റോഡ് മെറ്റലിംഗ് | ശ്രീ.സി.എം.മാധവൻ | 1.297ടൺ<br>എം.ബുക്ക്. നം-32/15-16, | 1.297x41000x1.37 =72852/- | 1.297x27429x1.37 =48738/- | 72852-48738 =24114/- |

| | | | | | | |
|---|---|---|---|---|---|---|
| | &ടാറിംഗ് പ്രോജക്റ്റ്നം.-14/16/ബിൽ നം-21/15-16 /29.1.16 | | പേജ് നം-8,9,10 | | | |
| 2 | കന്നോത്തുമുക്ക്-കടിയംപുറത്ത് റോഡ്, 8/16 ,4,10,000/- ചെലവ്-384580 ബിൽ നം-26/15.16 /16.2.16 | ശ്രീ.ഡി.എം.കഞ്ഞിക്കണ്ണൻ 6.2% എസ്റ്റിമേറ്റ് നിരക്കിൽ കുറവ് | .1.885x1.37=2585/- എം.ബുക്ക് നം-33/15-16 പേജ് നം-10,12 | .1.885x41000 x1.37=105880/- | 1.885x27429 x1.37=70834/- | 105880-70834 =35046/- (-)6.2%-2173 =32873/- |
| 3. | പഴയമീത്തൽ - പഞ്ചാട്ട് സ്കൂൾ റോഡ് മെറ്റലിംഗ് ടാറിംഗ്12/16-3,00,000 ചെലവ്-299700/- ബിൽ നം-18/15-16 /13.11.2016 | ശ്രീ.പി.രാജു 0.1%എസ്റ്റിമേറ്റ്നിരക്കിലും കുറവ്. | 1.238 ടൺx1.37 എം.ബുക്ക്.നം-30/15-16 പേജ് നം- 9,10 | 1.238x 41000x1.37 =69538/- | 1.238x27429x1.37 =46521/- | 69538-46521 =23017/- (-)1%-230 =22787/- |
| ആകെ | | | | | | 79774/- |

ബിറ്റമിന് അധിക നിരക്ക് നല്കിയതിന്ന വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ്എൻക്വയറിയ്ക്ക ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികമായി ചെലവഴിച്ച തുക നിരാകരിയ്ക്കുന്നു.

## 3-3 കിണർ ക്ലോറിനേഷൻ - സബ്സിഡിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ ക്ലോറിനേഷൻ എന്ന പദ്ധതിക്കായി 15,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) ചെലവഴിച്ചിട്ടുണ്ട്. ചെലവു വിവരം ചുവടെ ചേർക്കുന്നു.

ഫോം പ്രിന്റിംഗ്, സ്റ്റേഷണറി- 900/-

ക്യാരിബാഗിനുള്ള സ്റ്റേഷണറി ചെലവ്- 450/-

പേപ്പറുകൾക്കുള്ള സ്റ്റേഷണറി ചെലവ് - 455/-

പേനയ്ക്കുള്ള സ്റ്റേഷണറി ചെലവ് - 396/-

ക്യാരിബാഗിനുള്ള സ്റ്റേഷണറി ചെലവ്- 250/-

ട്രെയിനികൾക്കുള്ള ചായ ചെലവ് - 1749/-

വോളന്റിയേഴ്സിനുള്ള ഹോണറേറിയം - 10800/-

ആകെ - 15000/-

11.1.2016ലെ ജി.ഒ(എം.എസ്.)4/2016 തസ്വഭവ മാർഗ്ഗ രേഖ( vii)പ്രകാരം രോഗപ്രതിരോധപ്രവർത്തനങ്ങൾ,

ബോധവല്ക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിഭവ ശേഖരണങ്ങൾ, സാധാരണ ശുചീകരണപ്രവർത്തനങ്ങൾക്ക പുറമേ നടത്തേണ്ടി വരുന്ന പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ- ശുചിത്വ-പോഷണ സമിതികൾക്ക ലഭിയ്ക്കുന്ന വിവിധ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിയ്ക്കുന്നു. കൂടാതെ സമ്പൂർണ്ണ ശുചിത്വ മിഷനിൽ നിന്നും ലഭിയ്ക്കുന്ന ഫണ്ട് 27.7 .2014 ലിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത 1,26,175/- രൂപയുൾപ്പടെ 13 വാർഡുകളിലും 10,000/- രൂപ വീതം ഉപയോഗപ്പെടുത്തി ശുചീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കിയതിന്ന വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖയ്ക്ക വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിയ്ക്കുന്നു..

## 3-4 എസ്.സി, കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ പദ്ധതി

പ്രോജക്റ്റ് നം, പേര് – എസ്.സി, കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ പദ്ധതി, എസ്. ഒ. 034/16

അടങ്കൽ തുക – 6,00,000/-(വികസന ഫണ്ട്. എസ്.സി.പി)

ചെലവ് തുക – 6,00,000/- (1,50,000/- ബിൽ നം – 6/15-16/11.12.2015,- 4,50,000/-" "13/15-16 /17.3.2016)

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയായ എസ്.സി. കുടുംബങ്ങൾക്ക സ്ഥലം വാങ്ങൽ പ്രകാരം ശ്രീ.സജനീഷ്, തെക്കൻ കുനി, സുനിൽകുമാർ ഇരിത്യാട്ട് താഴവയൽ , ശ്രീ.പ്രശാനത്, കല്ലിൽ എന്നിവർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നല്കിയിട്ടുണ്ട്. ആയതു പ്രകാരം സ്ഥലം ടിയാളുകളുടെ പേരിൽ പോക്കുവരവ് ചെയ്തതിന്റെയോ, കരം ഒടുക്കിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളെ സംബന്ധിച്ച അപാകതകൾ.

പദ്ധതി പേര്, നം - കിടാരി വിതരണം , 47/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

ഓഡിറ്റ് വർഷത്തിൽ മൃഗസംരക്ഷണം മേഖലയിൽ പഞ്ചായത്ത് വിഹിതമുപയോഗിച്ച് നടപ്പാക്കിയ പദ്ധതിയാണ് കിടാരി വിതരണം (47/15-16). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അടങ്കൽ തുക | ഫണ്ട് തരം | ചെലവ് തുക |
|---|---|---|
| 5,75,000 | വികസന ഫണ്ട് 1,31,700<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1,18,300<br>ഗുണഭോക്തൃ വിഹിതം 3,25,000 | 5,10,000 |

പദ്ധതി നടത്തിപ്പിലൂടെ 50 ഗുണഭോക്താക്കൾക്ക് സബ്സിഡി (5,000/-രൂപ വീതം) നൽകിയിട്ടുണ്ട്. കിടാരി വാങ്ങിയ ഗുണഭോക്താക്കളുടെ ഭവനങ്ങളിൽ 05.01.2017 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| I. സബ്സിഡി അനുവദിച്ച് വാങ്ങിയ കിടാരികളെ ഗുണഭോക്താക്കൾ വിറ്റു. | | | |
|---|---|---|---|
| | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | കിടാരിയുടെ ടാഗ് നമ്പർ | പരിശോധന വിവരം |
| 1 | ശ്രീമതി.മാത, നാരങ്ങോളി മീത്തൽ, നടുവത്തൂർ, 10/91 | 4051977 | പദ്ധതി പ്രകാരം ലഭ്യമായ കിടാരിളെ വിൽപ്പന നടത്തിയതായി ഗുണഭോക്തക്കൾ അറിയിച്ചു. |

| | | | |
|---|---|---|---|
| 2 | ശ്രീമതി.കുഞ്ഞികദീശഉല്ലാസ്, വാർഡ്.13 | 4062778 | |
| II.അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. | | | |
| 1 | ശ്രീമതി.ലീല.പി, അമ്പിളി വീട് (പി.ഒ)നടുവത്തൂർ, 8/294 | 4051956 | ടിയാരിയുടെ വാസഗൃഹം 199.52 ച.മീറ്ററാണ് |
| 2 | ശ്രീമതി.ഗീത, മീത്തലെ പുതുക്കോട്ട് നടുവത്തൂർ, 7/37 | 4062787 | ടിയാരിയുടെ വാസഗൃഹം 128.46 ച.മീറ്ററാണ് |
| 3 | ശ്രീമതി.സരള, കൊയേരി, നടുവത്തൂർ | 4062782 | ടിയാരിയുടെ മകൻ വിദേശത്ത് ജോലിയുള്ളതും, വാസഗൃഹം 100ച.മീറ്ററിൽ അധികമുള്ളതുമാണ് |
| III. ഇൻഷ്വറൻസ് ഇല്ലാത്ത കിടാരികൾക്കും സബ്സിഡി അനുവദിച്ചു | | | |
| 50 കിടാരികൾക്ക് സബ്സിഡി നൽകിയെങ്കിലും ഹാജരാക്കിയ രേഖകളിൽ ഭൂരിഭാഗം ഗുണഭോക്താക്കളുടെ കിടാരികൾക്കും ഇൻഷ്വർ പരിരക്ഷ ഉറപ്പാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു | | | |

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 16 ഖ.2.14(iii) പ്രകാരം 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള ഓടിട്ടതോ/കോൺക്രീറ്റ് കൊണ്ടുള്ളതോ രണ്ടും കൂടിയായതോ ആയ കെട്ടിടം ഉടമസ്ഥതയിലുള്ളവർ, ഖ.2.14(v) വിദേശങ്ങളിൽ ജോലി ഉള്ളതോ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വീട് സ്വന്തമായുള്ള കുടുംബം എന്നിവരൊന്നും 50,000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല. എന്നാൽ മേൽ മാർഗ്ഗരേഖയിലെ നിബന്ധന പാലിക്കാതെ അനർഹരായവർക്കും സബ്സിഡി നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം ഗ്രാമസഭകളിലൂടെ മാർക്കടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി വാർഡ് മെമ്പർമാരുടെ നേതൃത്തത്തിൽ തെരഞ്ഞെടുത്തതാണ് മേൽ ഗുണഭോക്താക്കൾ. സബ്സിഡി മാർഗ്ഗരേഖ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്ത് കമ്മറ്റിതന്നെ അർഹത, മുൻഗണനാ മാനദണ്ഡം നിശ്ചയിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കാരണം അർഹരിൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്ക് അർഹരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളിലൂടെ ഫലപ്രദമായി നടപ്പാക്കുന്നതിലും വീഴ്ച സംഭവിച്ചതായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അനർഹരായ, കരാർ ലംഘനം നടത്തിയ ഗുണഭോക്താക്കളിൽ നിന്നും സബ്സിഡി തുക പലിശ സഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. കിടാരികളെ ഇൻഷ്വർ ചെയ്യാത്ത ഗുണഭോക്താക്കളെ ഇൻഷ്വറൻസിന്റെ ആവശ്യകത ബോധ്യപ്പെടുത്തി ഇൻഷ്വർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് പത്രിക സഹിതം (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതി ചെലവിൽ 25,000/- രൂപയുടെ ചെലവ് നിരാകരിക്കുകയും, 2,25,000/- രൂപ തടസ്സത്തിലും വെയ്ക്കുന്നു.

## 3-6 വളം വാങ്ങിച്ചു നൽകുന്നതിന് സർവ്വീസ് സഹകരണ ബാങ്കിനെ ഇടനിലക്കാരനായി ചുമതലപ്പെടുത്തിയതും മറ്റ് അപാകതകളും.

പദ്ധതി പേര്, നം.- നാളികേര വികസന പദ്ധതി, 39/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ തുക -15,81,798/- (11,78,406/- വികസന ഫണ്ട്, 4,03,392/-ഗുണഭോക്തൃ വിഹിതം)

ചെലവ് തുക – 15,81,798/- (11,78,406/- വികസന ഫണ്ട്, 4,03,392/-ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത്)
[ബിൽനം.തുക-2/15-16,12.02.2016 (953496/-), 6/15-16,16.03.2016 (2,24,910/-)]

ഗ്രാമപഞ്ചായത്തിൽ വസിക്കുന്ന കേരകർഷകരുടെ 900ഹെക്ടർ പരിധിയിൽ വരുന്ന തെങ്ങുകൾക്ക് ജൈവ വളങ്ങളുപയോഗിച്ച് സമീകൃത വളപ്രയോഗം നടത്തി തെങ്ങിന്റെ ഉൽപ്പാദനക്ഷമതയും, തേങ്ങയുടെ ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചതാണ് മേൽ പദ്ധതി. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കീഴരിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ജൈവ വളങ്ങൾ പെർമിറ്റ് അടിസ്ഥാനത്തിൽ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

- ജൈവവളങ്ങളുടെ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് കൃഷി വകുപ്പ് നിശ്ചയിച്ച് നൽകിയതിന് ശേഷമാണ് സബ്സിഡി കർഷകർക്ക് അനുവദിക്കേണ്ടതുള്ളു. എന്നാൽ കർഷകർക്ക് ജൈവവളത്തിനായി സബ്സിഡി അനുവദിച്ചപ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.
- നാളികേര വികസന രംഗത്ത് ഉൽപന്ന വൈവിദ്ധ്യവത്കരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് പ്രാധാന്യം നൽകണം. ഇതിനായി കൃഷി രീതികൾ നിഷ്കർഷതയോടെ സമയക്രമത്തിൽ നടപ്പാക്കണം. തെങ്ങിന്റെ വിളവിനെ ബാധിക്കുന്ന ഏറ്റവും പ്രധാനഘടകമാണ് വളം. അതിനായി വേണ്ടത്ര ജൈവവളവും, കൃഷി വകുപ്പ് ശുപാർശ ചെയ്യുന്ന തരത്തിൽ രാസവളവും ഏകോപ്പിച്ച് സെപ്റ്റംബർ മാസത്തിനു മുമ്പ് നിർബന്ധമായും നൽകിയാലേ തെങ്ങിൽ നിന്നും ലഭിക്കുന്ന ഊർജ്ജദായ വസ്തുക്കൾക്ക് നല്ല വിളവ് ലഭിക്കുകയുള്ളൂ. എന്നാൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.
- വളം വിതരണം പദ്ധതി നടപ്പാക്കുന്നതിനായി 22.07.2015 ന്റെ കൃഷി ഓഫീസർ ടെണ്ടർ ക്ഷണിക്കുകയും 05.08.2015 ലെ ടെണ്ടറിലൂടെ വിജയിയായ വെസ്റ്റേൺ ഫെർട്ടിലൈസേർസ് & കെമിക്കൽസ്, മഞ്ചേരി എന്നവർക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. (ഭരണസമിതി തീരുമാനം.നം.1(3), 18.08.2015).എന്നാൽ വളം വിതരണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും കീഴരിയൂർ സർവ്വീസ് സഹകരണ ബാങ്ക് മുഖേനയാണ് ഗുണഭോക്താക്കൾക്ക് വളം നൽകിയിട്ടുള്ളത്. നിയമപ്രകാരം നടപ്പാക്കിയ ടെണ്ടർ നടപടികൾ മറികടന്ന് പ്രസ്തുത ബാങ്കിനെ വളം വിതരണം നടത്താനും, തുക അനുവദിക്കുവാനും ഉണ്ടായ സാഹചര്യം ഫയലിൽ വിശദീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## **3-7** <u>എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.</u>

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പേര്, നമ്പർ - എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, 87/ 15-16

അടങ്കൽ തുക-240000/-( 225400/-വികസന ഫണ്ട് എസ്.സി.പി, 14600/- തനത് ഫണ്ട്)

ചെലവ് തുക – 2,34,000/- [ 2,25,400/-ഡി.ഡി.നം. 431901, 19.03.2016, 8,600/- 918327, 31.03.2016).

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്പ് ടോപ്പ് നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. ഇതിനായി 'സ്മാർട്ട് ടെക്നോളജീസ്, കൊച്ചി'എന്ന സ്ഥാപനത്തിൽ നിന്നും 6 ലാപ്പ്ടോപ്പുകൾ വാങ്ങി (Acer core 13,4GB, 14"LED R.C.No.4) വിദ്യാർത്ഥികൾക്കുമായി വിതരണം ചെയ്തു. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. <u>പഠനം പൂർത്തീയായവർക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്തു.</u>

18.03.2015 ലെ (സാധാ) നം.787/2015/ത.സ്വ.ഭ.വ. ഉത്തരവിലൂടെ വിവിധ കോഴ്സുകൾ പഠിക്കുന്ന പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കാണ് കമ്പ്യൂട്ടർ/ലാപ്പ് ടോപ്പ് വാങ്ങി നൽകേണ്ടത്. എന്നാൽ 2015 മാർച്ചിൽ പഠനം പൂർത്തിയാക്കിയ ശ്രീ.അരുൺജിത്ത്.ജി.പി. എന്നവർക്കും ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യക്തി നിലവിൽ മറ്റ് കോഴ്സുകൾ ഒന്നും പഠിക്കുന്നില്ല എന്ന് പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ജില്ല പഞ്ചായത്ത് മുഖേന ലാപ്പ് ടോപ്പ് വിതരണം നടത്തുന്നതിന് പദ്ധതി രൂപീകരിക്കുകയും അർഹരായ വിദ്യാർത്ഥികളുടെ ഗ്രാമസഭ ലിസ്റ്റ് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ജില്ല പഞ്ചായത്ത് മുഖേന ലാപ്പ് ടോപ്പ് അനുവദിക്കാമായിരുന്ന സാഹചര്യം ഒഴിവാക്കി പ്രത്യേക പദ്ധതി രൂപീകരിച്ച് തുക ചെലഴിക്കാനുള്ള സാഹചര്യം ഫയലിൽ വിശദീകരിച്ചിട്ടില്ല. ജില്ല പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ വേളയിൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികളും പങ്കെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ക്രോഡീകരിച്ചാണ് ജില്ല പഞ്ചായത്ത് പദ്ധതികൾ രൂപീകരിച്ച് സബ്സിഡി അനുവദിക്കുന്നത്.

3. 03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്റ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തീയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 2,34,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി പേര്, നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക | ബിൽ/ഡി.ഡി. നം, തീയതി |
|---|---|---|---|---|
| 1 | തെരുവ് നായ നിയന്ത്രണ പദ്ധതി, 90/15-16 | വെറ്റിനറി സർജ്ജൻ | 2,00,000 | 918728, 06.04.2016 |
| 2 | എസ്.എസ്.എ.വിഹിതം നൽകൽ, 25/15-16 | സെക്രട്ടറി | 3,00,000 | 12/15-16, 15.10.2015 |
| 3 | ഡി.പി.സി.കെട്ടിടം പഞ്ചായത്ത് വിഹിതം, 80/15-16 | | 1,00,000 | 13/15-16, 15.10.2015 |
| | | ആകെ | 6,00,000 | |

വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 6,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി Xv പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ

അസംഘടിത, അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/ യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വേതനം കൈപ്പറ്റിയവരുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|
| 246 | 467640 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 18-3-16 | 50000 | പെയിൻ&പാലിയേറ്റീവ് കെയർ | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| സി.ഡി.പി.ഒ. മേലടി | 19/10/15 | 49800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ | 49800 | 0 |
| എ.ഡി.എ. തിക്കോടി | 31/3/15 | 143000 | കാർഷികയന്ത്രവല്ക്കരണം | 143000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | മുതൽ | പലിശ | മുതൽ | പലിശ | മുതൽ | പലിശ |
| ഇ എംഎസ്സ് ഭവനപദ്ധതി | ജിഒ(സ)407/10 തസ്വഭവ5/2/10 | 82500 (2010-11) | 2919805 | 0 | 2032467 | 0 | 969838 | ---- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽസ്ഥിര നിക്ഷേപ ഇനത്തിൽ ഇടപാടുകളൊന്നും ഇല്ല.സ്ഥിര നിക്ഷേപങ്ങൾ അവശേഷിക്കുന്നമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന തുക വരവ് വന്നിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപേരും | രസീത് നം/ തിയ്യതി |
|---|---|---|---|---|
| 1997-98 | 30(1),(2) | 2,210 | ശ്രീ.സിദ്ധാർത്ഥൻ, കൃഷി ഓഫീസർ | 11501100166, 18.05.2016 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 27(എ) | 2003-04 | 7(7) | കാലഹരണപ്പെട്ട കെട്ടിട നികുതി |
| | 38 | | | പൊതുപരാമർശം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ് | 48702816 |
| ആകെ ചെലവ് | 52566777 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 217235 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2837406 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ് | |
| 3-1 | | 9746 | ശ്രീ സന്തോഷ് കുമാർ എസ് അസിസന്റ് എഞ്ചിനീയർ |
| 3-2 | | 79774 | |
| 3-3 | | 15000 | ശ്രീ യു കെ ജയരാജൻ മെഡിക്കൽ ഓഫീസർ |
| 3-5 | | 25000 | ശ്രീ മുസ്തഫ വെറ്റനറി സർജൻ |
| | | 217237/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 600000 | ശ്രീമതി സുനിലകുമാരി കെ വി അസിസന്റ് സെക്രട്ടറി |
| 3-5 | 225000 | ശ്രീ മുസ്തഫ വെറ്റനറി സർജൻ |
| 3-6 | 1178406 | ശ്രീ അബ്ദുൾ ബഷീർ, കൃഷി ഓഫീസർ |
| 3-7 | 234000 | ശ്രീമതി സുനിലകുമാരി കെ വി അസിസന്റ് സെക്രട്ടറി |
| 3-8 | 400000 | ശ്രീമതിടി കെ ഉഷ സെക്രട്ടറി, |
| | 200000 | ശ്രീ മുസ്തഫ വെറ്റനറി സർജൻ |
| ആകെ | 2837406/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതിടി കെ ഉഷ | സെക്രട്ടറി കീഴരിയൂർ ഗ്രാമപഞ്ചായത്ത് | മംഗള വീട്,വെസ്റ്റ്ഹിൽ പിഒകോഴിക്കോട് |
| ശ്രീസന്തോഷ് കുമാർ എസ് | അസിസന്റ്എഞ്ചിനീയർ കീഴരിയൂർ ഗ്രാമപഞ്ചായത്ത് | മംഗലത്ത് വീട് വടക്കെവിള പിഒ,കൊല്ലം |
| ശ്രീഅബ്ദുൾ ബഷീർ | കൃഷിഓഫീസർ കൃഷി ഭവൻ,കീഴരിയൂർ | കിഴക്കെ കരിയോട്ട്,വാകയാട് പി ഒ,നടുവണ്ണൂർ കോഴിക്കോട് |
| ശ്രീ മുസ്തഫ | വെറ്ററനറി സർജൻ,<br>വെറ്ററനറി ഡിസ്പെൻസറി,കീഴരിയൂർ | കഞ്ഞാന്തട്ട വീട്,പയ്യോളി പിഒ കോഴിക്കോട് |
| ശ്രീ യു കെ ജയരാജൻ | മെഡിക്കൽ ഓഫീസർ,പിഎച്ച് സി കീഴരിയൂർ | ശ്രേയസ്സ് 3/1031എ പുളിക്കൽറോഡ്,നടക്കാവ് പിഒ,കോഴിക്കോട് |
| ശ്രീമതി സുനിലകുമാരി കെ വി<br>അസിസന്റ് സെക്രട്ടറി | അസിസന്റ് സെക്രട്ടറി കീഴരിയൂർ പഞ്ചായത്ത് | ആയടത്തിൽ വീട് പന്തലായനി പിഒ,കൊയിലാണ്ടി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/24/13/7.5.13 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/എസ്2/640/03 തീയതി 06.09.2003 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി9/24/13/7.5.13 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4/649/10/9.8.10 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി4/645/09/8.9.09 | 4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4/646/09/6.5.09 | 4 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി4/1582/09/29.4.10. | 6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി9/1629/11/13.7.11. | 16 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി9/1029/12/2.11.12 | 16 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി9/1352/12/2.5.13 | 20 |
| 2010-11,11-12 | എൽ.എഫ്.കെ.കെ.ഡി.പി9/833/13/25.11.13 | 12 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി/പി2/1433/2014 തീയതി 26.08.2014 | 12 |
| 2013-14,14-15 | കെ എസ് എ കെ .കെ ഡി./പി1/726/2016തിയതി.9-5-16 | 18 |

ഡപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

# <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/70/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി. 21.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P1 /70/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 23.12.2016

# Audit Certificate

Certified that I have audited the Annual Financial Statement of Keezhariyur Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Keezhariyour Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

DEPUTY DIRECTOR

Kerala State Audit Department,
District Audit Office, Kozhikode.